കവിത 2

**താക്കോൽ നഷ്ടപ്പെട്ട പ്രദേശത്തെ അപസ്മാരികൾ**

താക്കോൽ നഷ്ടപ്പെട്ട

അനേകം അപസ്മാരികളുടെ മരണശേഷം

ഞങ്ങടെ പെട്ടിപ്പീടികകളിൽ

താക്കോൽ വിൽപ്പന പൊടിപൊടിച്ചു.

പട്ടണമൊന്നുമല്ല,

ഞങ്ങടേത്

ഒരസ്സൽ നാട്ടുമ്പൊറം.

ആഞ്ഞുവലിയുമൊരു സൈക്കിളിന്

മേയാനുള്ള ദൂരം മാത്രം.

പ്രേമമോ രോഗമോ അല്ലാണ്ട്

വേഗങ്ങളെ സൂചിപ്പിക്കാനൊന്നും തന്നെ

അവിടെയില്ല.

ആ പ്രദേശത്തേക്കാവശ്യമായ

ആകാശം പോലും

മറ്റേതോ നശിച്ച ദ്വീപിന്റെ ശേഷിപ്പിൽ നിന്നും

പൊട്ടിച്ചെടുത്തതാണ്.

രാവിലെ മിറ്റം വാരുന്ന പെണ്ണുങ്ങളാണ്

കിള്ളത്താക്കോൽ പിടിപ്പിച്ച്

അപസ്മാരികളെ

ഉമ്മറത്ത് പൂട്ടിയിടുന്നത്.

ഞാനപ്പോൾ മുഖത്തെ ഉറക്ക് തുടക്കുകയോ

മൂക്കളയൊട്ടിക്കാൻ ചുമരന്വേഷിക്കുകയോ

ആവും.

അവിടിരുന്നോണ്ടവർ നൊങ്ക നോണ്ടാൻ പോവും.

ആണ്ടുനേർച്ച കൂട്ടും. മരിപ്പിന് കരയും.

വിളിക്കാത്ത കല്യാണങ്ങൾ കൂട്ടും.

ചൂണ്ടക്ക് പോണ ചെക്കനെ നോക്കി

വരണ്ട കണ്ണുകളിൽ

പിള്ളക്കായലോ കാക്കത്തോടിന്റെ ഒരല്ലിയോ

കുഴിച്ചുണ്ടാക്കും.

ചേറിൽ മഞ്ഞില് പൊളക്കണ പോലെയാണ്

ഓർക്ക് താളം തെറ്റുന്നത്.

തെറ്റിയ താളത്തിലാണവരുടെ പാട്ടുകൾ.

ഒരാൾ പാട്ടു പാടും പോലെ കരയുന്നു.

ഒരാൾ ചെണ്ട കൊട്ടും പോലെ കരയുന്നു.

കരച്ചിലിനെക്കാൾ ആസ്വാദ്യമായൊരു പാട്ടിന്

ഇന്നേവരെ ഞങ്ങടെ കരയിലാരും

ഈണം കൊടുത്തിട്ടില്ല.

കരച്ചിൽ ദുഖത്തിന്റെ ശരീര ഭാഷയാണ്.

മറ്റൊരു ഭാഷ കൊണ്ടും

പിടിച്ചുനിൽക്കാനാവാത്തോർക്ക്.

ആൾക്കൂട്ടത്തിന്റെ

താക്കോൽകൂട്ടത്തിൽ ഓരോ പാട്ടും

അനുപല്ലവിയറ്റ് കിടന്നുരുണ്ടു.

ഈ നാട് ആരോ പൂട്ടിവെച്ചതാണ്.

ചിലപ്പോൾ

ഞങ്ങടെ തന്നെ ഉപ്പൂപ്പമാരുടെ

വമ്പൻ രഹസ്യങ്ങൾ.

ഉമ്മൂമ്മമാർക്ക് രഹസ്യങ്ങളുണ്ടായിരുന്നില്ല.

അതന്ന് വലിയ കുറ്റമായിരുന്നു.

താക്കോലുകളെക്കാൾ വലിയ സ്വപ്നമൊന്നും

ഞങ്ങടെ ബാപ്പമാർക്കുമുണ്ടായിരുന്നില്ല.

പൂട്ടിവെക്കാൻ

ചില്ലറയോ രഹസ്യമോ തേടി

പറമ്പിലേക്കും അവിടെന്ന് പള്ളിലോട്ടും

അവിടുന്ന് പൂത്തമ്പള്ളി ദർഘയിലോട്ടും

അവരോടിക്കൊണ്ടേയിരുന്നു.

അപസ്മാരികളെ ഓർത്ത്

അവരുടെ ബാപ്പമാർ

പാഞ്ഞിടങ്ങളൊക്കെയാണ്

പിന്നീടി പ്രദേശത്തിന്റെ വഴികളായ് രൂപപ്പെട്ടത്.

വിയർപ്പ് കക്ഷത്തിൽ തിരുകി

ആ പാച്ചിലുകൾ

ചുവരിൽ കരിക്കട്ട കൊണ്ട്

ദൂരങ്ങളുടെ അവശത വരച്ചിട്ടു.

ചിലരെങ്കിലും മുട്ടിൽ അപ്പ തേച്ചെണീറ്റു.

വീളീച്ചു കരയാൻ ദർഘകൾ പണിത്

മരിച്ചു പോയവർ

ഓർമ്മിക്കണേ എന്ന്

നെഞ്ചിൽ തിരിയിട്ട് കേഴുന്ന ഖബറുകൾ,

മുറുക്കിപ്പൂട്ടുന്നു

ബന്ധുക്കൾ.

കരയിലാകെ താക്കോലുകൾ

ഇനി തുറക്കേണ്ടതില്ലാത്ത പെട്ടികൾ.

*-കെ. ടി. അനസ് മൊയ്തീൻ*